LIBRARY ARCHIVES Kerala Legislative Assembly

ച്ചമതലപ്പെടുത്തുന്നതിനും അതുവഴി ടി തൈകളെല്ലാം വൃക്ഷമായിമാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാനും ലക്ഷ്യമിട്ടിട്ടുള്ളതായിരുന്നു ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നത് കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖല, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാനും ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിരുന്നു.

(സി) 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരൻമാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെത്തുടർന്ന് അന്നേദിവസം ടി ഹരിതസമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചു. 2015-16 വർഷത്തിൽ ഹരിതശ്രീ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി

316 (327) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പരിപാടികൾ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിർബന്ധ പദ്ധതിയായി ഉൾപ്പെടുത്തി നടപ്പാക്കുക, പ്രാദേശികതലങ്ങളിലും സംസ്ഥാനതലത്തിലും സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രജ്ഞർ, ഈ മേഖലയിലെ മറ്റ് വിദഗ്ധർ എന്നിവരുടെ സഹായത്തോടെ അതാത് പഞ്ചായത്ത്തലത്തിലും സംസ്ഥാന തലത്തിലും അനുയോജ്യവും ആവശ്യമുള്ളതുമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പാക്കുക എന്നിവയാണ് മുഖ്യലക്ഷ്യം.

ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് ഉപയുക്തമാക്കാവുന്ന കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുതലായവ സർക്കാർ ആവിഷ്കൃത പദ്ധതികളുമായി യോജിപ്പിച്ചും, പരിസ്ഥിതി സംരക്ഷണ മുൻകരുതലുകൾ വികസന പദ്ധതികളിൽ ആവശ്യം ഉൾപ്പെടുത്തിയും പാരിസ്ഥിതിക ശോഷണം ഒഴിവാക്കുകയും പരിസ്ഥിതി പരിപാലനം സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് അടുത്ത ലക്ഷ്യം.

കാലാവസ്ഥാ വ്യതിയാനംപോലെ ഏറ്റവും ത്രക്ഷവും ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തേണ്ടതുമായ മേഖലകളിൽ ലഭ്യമാക്കാവുന്ന വിദേശസഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദപരമായ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതും ഒരു ലക്ഷ്യമാണ്.

(സി) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ സംസ്ഥാനതല ഔദ്യോഗിക പ്രഖ്യാപനത്തിന്റെയും ഹരിതശ്രീ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന്റേയും സംഘാടന ചുമതല പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനായിരുന്നു. ഹരിത്ശ്രീ പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതിദിനമായ 2014 ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടുപരിപാലിക്കുന്ന ചുമതല സംസ്ഥാന വനംവകുപ്പിനും, കുടുംബശ്രീ യൂണിറ്റുകൾക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായിരുന്നു. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി ബഹുമാനപ്പെട്ട വനം

പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (KECC) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## വനാതിർത്തിപങ്കിടുന്ന പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച്

**317 (328)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഫോറസ്റ്റ് റവന്യൂ അധികൃതർ സംയുക്ത വെരിഫിക്കേഷൻ നടത്തി അതിർത്തി നിർണ്ണയിക്കാത്തതിനാൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വർഷങ്ങളായി കൈവശംവച്ച് നികുതി അടച്ചുകൊണ്ടിരുന്ന ഇത്തരം പ്രദേശങ്ങളിലെ ഭൂനികുതി , വെരിഫിക്കേഷന്റെ പേരിൽ തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ വനം-റവന്യൂ വകുപ്പുകൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(സി) സംയുക്ത വെരിഫിക്കേഷൻ അടിയന്തരമായി പൂർത്തിയാക്കി ടി പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി&സി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിയശേഷം അർഹമായ കേസുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശം

**318 (3295)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly